LIBRARY ARCHIVES Kerala Legislative Assembly

സി-ആപ്റ്റ്, അൻസാലാ കമ്പനിയിൽ നിന്നുള്ള വാടക മെഷീൻ

16 (5080) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ആപ്റ്റ് ലോട്ടറി ടിക്കറ്റ് നമ്പറിംഗിനും ബാർകോഡ് പതിക്കുന്നതിനു വേണ്ടി, അൻസലാ എന്ന സ്വകാര്യ കമ്പനിയിൽ നിന്ന് കോപ്പി ഒന്നിന് 92 പൈസ എന്ന നിരക്കിൽ കാനൻ OCE VP-320 മെഷീൻ വാടകയ്ക്ക് എടുത്തത് ആരുടെ അനുമതിയോടെ ആണെന്നും ഈയിനത്തിൽ പ്രസ്തുത കമ്പനിക്ക് 2014-15-ൽ 1.60 കോടി രൂപ നൽകിയതിലൂടെ ഖജനാവിന് എത്ര രൂപ നഷ്ടമായി എന്നും വിശദമാക്കുമോ ;

(ബി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2-8-2013-ൽ കൂടിയ 41-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് Canon OCE-VP 320 എന്ന മെഷീൻ വാടകയ്ക്കെടുത്തത്. വാടകയ്ക്കെടുത്ത ടി മെഷീനിലൂടെ സെന്ററിന് പ്രതിമാസം 9.63 ലക്ഷം രൂപ ലാഭം കിട്ടുന്നതായി അക്കൗണ്ടന്റ് ജനറലിന്റെ 2013-14 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 1.80 കോടി രൂപ വില വരുന്ന ഈ മെഷീൻ വാടകയ്ക്കെടുത്തതുമൂലം 2013 നവംബർ മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ എ.എം.സി. ഇനത്തിൽ സെന്ററിന് 108.78 ലക്ഷം രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. എ.ജി.-യുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സി-ആപ്റ്റ് അധിക പാഠപുസ്തകങ്ങൾ അച്ചടിച്ചത്

17 (5082) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ട് 2015 മേയ് വരെ സി-ആപ്റ്റിനു ലഭിച്ച ഇൻഡന്റിൽ ആകെ 23 ലക്ഷം പാഠപുസ്തകങ്ങൾ ആണ് ആവശ്യമായിട്ടുള്ളത് എന്നു വ്യക്തമായി രേഖപ്പെടുത്തിയിരുന്നെങ്കിലും 40 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് കൈക്കൊള്ളാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) അധികമായി അച്ചടിച്ച പുസ്തകങ്ങൾ എന്തു ചെയ്തു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

സി-ആപ്റ്റിൽ ജോലി ചെയ്യുന്ന റിട്ടയേർഡ് ഉദ്യോഗസ്ഥർ

18 (5083) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ആപ്റ്റിൽ, സർക്കാർ/അർദ്ധ സർക്കാർ സർവ്വീസുകളിൽനിന്നു റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയമിച്ചത് ഏതു രീതിയിലൂടെ ആണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുകൾ, തസ്തിക, ഓരോരുത്തരും വാങ്ങുന്ന ശമ്പളം, ഇവർ ഓരോരുത്തരും അതതുതസ്തികകളിൽ നിയമിക്കപ്പെട്ട തീയതി, ഓരോരുത്തരുടെയും വയസ്സ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇവർ ഓരോരുത്തരും നാളിതുവരെ വാങ്ങിയ ആകെ ശമ്പളം എത്രയെന്ന് ഉദ്യോഗസ്ഥൻ, വഹിക്കുന്ന തസ്തിക, ആകെ വാങ്ങിയ ശമ്പളം എന്നിങ്ങനെ ഇനം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥൻ ഫിനാൻഷ്യൽ കൺസൾട്ടന്റായി പ്രവർത്തിക്കുന്നുണ്ട്.

(ബി) സി-ആപ്റ്റ്, മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടതിൻപ്രകാരം 18-9-2012 തീയതിയിലെ 29680/കെ3/12/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ഗവേണിംഗ് ബോഡിയുടെ അനുമതിക്ക് വിധേയമായി 10,000 രൂപ മാസ ശമ്പളത്തിൽ ഒരു വർഷത്തേയ്ക്ക് ശ്രീ. കുമാർ ഭാസ്കരനെ ഫിനാൻഷ്യൽ കൺസൾട്ടന്റായി നിയമിക്കാൻ അനുമതി നൽകിയിരുന്നു. പിന്നീട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സർവ്വീസിൽ തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly